**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2333** **07-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിലുണ്ടാകുന്ന നഷ്ടം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിദേശത്ത് നിന്ന് മാത്രമല്ല സംസ്ഥാനത്തിനുള്ളിലും നികുതി നഷ്ടം ഉണ്ടാകുന്ന വിധം സ്വർണ്ണ കള്ളക്കടത്ത് വ്യാപകമാണെന്ന കാര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്ത് നടക്കുന്ന സ്വർണ്ണ കള്ളക്കടത്തിന്റെ ഇരുപത്തിയഞ്ച് ശതമാനം പോലും കണ്ടെത്തുവാൻ സാധിക്കാത്തതിനാൽ വലിയതോതിലുള്ള നികുതി നഷ്ടം ഉണ്ടാകുന്നത് തടയുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | **സ്വർണ്ണം കൊണ്ടുപോകുന്നതിന് ചരക്ക് സേവന നികുതി നിയമ പ്രകാരം ഇ-വേ ബിൽ നിലവിൽ ആവശ്യമില്ല. ടി നിയമ പ്രകാരമുള്ള രേഖകൾ ഉപയോഗിക്കാതെ സ്വർണ്ണം കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വർണ്ണ കള്ളക്കടത്ത് മൂലമുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി വരുമാനം സംരക്ഷിക്കുന്നതിനും സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് സ്ക്വാഡുകളുടെ നിതാന്ത വാഹന പരിശോധന, ജ്വലറികൾ, ഹാൾ മാർക്കിങ് സ്ഥാപനങ്ങൾ, സ്വർണ്ണാഭരണ നിർമ്മാണ കേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ എന്നിവയ്ക്ക് സമീപമുള്ള രഹസ്യ നിരീക്ഷണം, നിയമ പ്രകാരമുള്ള കട പരിശോധന എന്നിവയിലൂടെ സാധിച്ചിട്ടുണ്ട്. കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമത്തിന്റെ സെക്ഷൻ 129 പ്രകാരം ശരിയായ രേഖകൾ ഇല്ലെങ്കിലോ നിയമത്തിന്റെ ലംഘനം ഉണ്ടെങ്കിലോ നികുതിയുടെ ഇരട്ടി തുക പെനാൽറ്റിയായി ഈടാക്കുന്നു. ചരക്ക് സേവന നികുതി നിയമലംഘനം നടത്തി നികുതി വെട്ടിപ്പിനാണ് ശ്രമമെന്ന് ബോധ്യപ്പെട്ടാൽ സെക്ഷൻ 130 പ്രകാരം ടി സ്വർണ്ണം കണ്ടുകെട്ടുന്നു.** |
| (സി) | സ്വർണ്ണ കള്ളക്കടത്ത് സംബന്ധിച്ച് വിവരം നൽകുന്നവരുടെ വിശദാംശങ്ങൾ ജി.എസ്.ടി. വകുപ്പിൽ നിന്ന് തന്നെ ചോർത്തി നൽകുന്നതായ ആക്ഷേപത്തിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; | (സി) | **സംസ്ഥാന സർക്കാർ സ്വർണ്ണ വ്യാപാര മേഖലയിലെ ജി എസ് ടി വെട്ടിപ്പ് സംബന്ധിച്ച് വിവരം ശേഖരിക്കാനുള്ള informer scheme നടപ്പിലാക്കിയിട്ടുണ്ട്. സ്വർണ്ണ കള്ളക്കടത്ത് സംബന്ധിച്ച് വിവരം നൽകുന്നവരുടെ** |

| | | | |
|---|---|---|---|
| | എങ്കിൽ ഇത് തടയുന്നതിന് എന്തൊക്കെ തുടർനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | | **വിശദാംശങ്ങൾ ജി എസ് ടി വകുപ്പിൽ നിന്ന് തന്നെ ചോർത്തി നൽകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |
| (ഡി) | കള്ളക്കടത്ത് സംബന്ധിച്ച് വിവരം നൽകുന്നവരുടെ വിശദാംശങ്ങൾ പുറത്ത് പോകാതെ സ്വർണ്ണ കള്ളക്കടത്ത് തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ജനകീയ പങ്കാളിത്തത്തോടെയുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | സ്വർണ്ണം ഉൾപ്പെടെ എല്ലാ ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി വെട്ടിപ്പ് സംബന്ധിച്ച രഹസ്യ വിവരം നൽകുന്നവർക്ക് പ്രോത്സാഹനം എന്ന നിലയ്ക്ക് ഇനാം നൽകുന്നതിനായി 'ഗ്രാന്റ് ഓഫ് റിവാർഡ് ടു ഇൻഫോർമേഴ്സ് ആന്റ് ഗവൺമെന്റ് സെർവെന്റ്സ് 2020' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ഉപഭോക്താക്കൾക്ക് തങ്ങൾക്ക് ലഭിക്കുന്ന ഇൻവോയ്സ് അപ് ലോഡ് ചെയ്യുന്നതിന് വേണ്ടി 'ലക്കി ബിൽ' എന്ന മൊബൈൽ ആപ്ലിക്കേഷൻ ഏർപ്പെടുത്തും. സ്വർണ്ണത്തിന്റെ ചരക്കു നീക്കത്തിന് ഇ-വേ ബിൽ നിർബന്ധമാക്കണമെന്ന് സംസ്ഥാനം ജി എസ് ടി കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ